**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 849.** **28.02.2018 ൽ മറുപടിയ്ക്ക്**

**മയക്ക മരുന്ന് ഉപഭോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എൻ.ഷംസുദ്ദീൻ | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് മയക്ക മരുന്ന് ഉപഭോഗത്തിന്റെയും, മയക്ക മരുന്ന് കടത്തിന്റെയും വർദ്ധനവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ഇതിൽ പ്രതികളാകുന്നവർ കൂടുതലും വിദ്യാർത്ഥികളും യുവാക്കളുമാണ് എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ ; | (ബി) | വിദ്യാർത്ഥികൾക്കിടയിലും യുവാക്കൾക്കിടയിലും മദ്യത്തിന്റെയും മയക്ക് മരുന്നിന്റെയും ഉപഭോഗം വ്യാപകമായി നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മയക്ക് മരുന്ന് കേസ്സുകളിൽ ഉൾപ്പെടുന്ന പ്രതികളിൽ യുവാക്കളുടെയും, വിദ്യാർത്ഥികളുടെയും എണ്ണം സമീപകാലത്ത് വർദ്ധിച്ചുവരുന്നുണ്ട്. യുവാക്കളെയും, വിദ്യാർത്ഥികളെയും ഇത്തരം പ്രവണതകളിൽ നിന്നും പിൻതിരിപ്പിക്കുന്നതിന് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും വ്യാപകമായ ബോധവത്ക്കരണ പ്രവർത്തനങ്ങളും എക്സൈസ് വകുപ്പ് നടത്തി വരുന്നു. |
| (സി) | കാര്യക്ഷമതയോടു കൂടി, എക്സൈസും പോലീസും സംയുക്തമായി പരിശോധന നടത്തി മയക്ക മരുന്ന് കടത്തിന് തടയിടുവാൻ ആവശ്യമായ നടപടി സ്വീകരിക്കുവാൻ നിർദ്ദേശം നൽകുമോ ; വിശദമാക്കുമോ ? | (സി) | കഞ്ചാവ് അടക്കമുള്ള ലഹരി വസ്തുക്കൾ അയൽ സംസ്ഥാനങ്ങളിൽ നിന്നും വിവിധ മാർഗ്ഗങ്ങളിലൂടെ സംസ്ഥാനത്തേക്ക് കടത്തിക്കൊണ്ടുവന്ന് വിപണനം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കിഴക്ക്, വടക്ക്-കിഴക്ക് സംസ്ഥാനങ്ങളുടെ വനമേഖലകളിൽ ഉത്പാദിപ്പിക്കുന്ന കഞ്ചാവ് തമിഴ്നാടിന്റെ കേരള സംസ്ഥാന അതിർത്തി പ്രദേശത്ത് സംഭരിച്ച് ചെറിയ അളവിൽ റോഡ് മാർഗ്ഗവും കാൽനടയായും റെയിൽ മാർഗ്ഗവും കേരളത്തിലേക്ക് കടത്തുന്ന പ്രവണതയാണ് കണ്ടുവരുന്നത്. അന്യസംസ്ഥാനങ്ങളിൽ നിന്നും |

| | | | |
|---|---|---|---|
| | | | ലഹരി വസ്തുക്കൾ കടത്തിക്കൊണ്ടുവരുന്ന സംഘങ്ങൾ പ്രവർത്തിക്കുന്നതായും ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. ഇത്തരത്തിൽ നിയമവിരുദ്ധ ലഹരി വസ്തുക്കൾ സംസ്ഥാനത്തേക്ക് കടത്തിക്കൊണ്ടു വരുന്നത് തടയുന്നതിന് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തി വാഹന പരിശോധന കൾ കർശനമാക്കിയിട്ടുണ്ട്. വിവിധ സംസ്ഥാന ങ്ങളിലെ എൻഫോഴ്സ്മെന്റ് വിഭാഗങ്ങളുമായുള്ള ഏകോപനവും സഹകരിച്ചുള്ള പ്രവർത്തനവും ഉറപ്പുവരുത്തുന്നതിന് വകുപ്പുകൾ തമ്മിലുള്ള യോഗങ്ങൾ സംഘടിപ്പിച്ച് വിവരങ്ങൾ പരസ്പരം കൈമാറുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ തമിഴ്നാട്-കർണ്ണാടക സംസ്ഥാനങ്ങളിലെ പോലീസ് സേനയുമായും സംസ്ഥാനത്തിനകത്ത് പോലീസ്, ഫോറസ്റ്റ്, റവന്യൂ മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റൽ പോലീസ്, ആർ.പി.എഫ്. തുടങ്ങിയ വിഭാഗങ്ങളുമായി ചേർന്ന് ബന്ധപ്പെട്ട മേഖലക ളിൽ സംയുക്ത പരിശോധനകളും നടത്തി വരുന്നു. കൂടാതെ അതിർത്തി പ്രദേശങ്ങളിൽ ബോർഡർ പെട്രോളിംഗ് യൂണിറ്റുകൾ 24 മണിക്കൂറും വാഹനപരിശോധന നടത്തുന്നുണ്ട്. എക്സൈസ് കമ്മീഷണറുടെ പ്രത്യേക സ്ക്വാഡുകളും ജാഗ്രതയോടെ പ്രവർത്തിക്കുന്നുണ്ട്. ഷാഡോ എക്സൈസ്, എക്സൈസ് ഇന്റലിജൻസ് വിഭാഗങ്ങളും പ്രത്യേക പരിശോധനകളും നിരീക്ഷണങ്ങളും നടത്തി വരുന്നു. ചെക്ക് പോസ്റ്റുകൾ മറികടന്ന് സമാന്തര പാതകളിലൂടെ കള്ളക്കടത്ത് നടത്തുവാൻ സാധ്യതയുള്ള റോഡുകളിൽ വാഹനപരിശോധന കർശനമാക്കി യിട്ടുണ്ട്. വിമാനത്താവളം വഴി ലഹരി പദാർത്ഥങ്ങൾ സംസ്ഥാനത്തേക്ക് കൊണ്ടുവരു ന്നത് പിടിച്ചെടുക്കുന്നതിന് വിമാനത്താവളങ്ങളുടെ സമീപമുള്ള റോഡുകളിലും ദേശീയപാതകളിലും ശക്തമായി വാഹന പരിശോധന നടത്തി വരുന്നതുമാണ്. |

**സെക്ഷൻ ഓഫീസർ**